FRIDAY 15/05/2026 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/05/2026

1. കർഷകരുടെ തോട്ടങ്ങളിലെ മണ്ണ് സാമ്പിൾ പരിശോധിച്ച് തയ്യാറാക്കുന്ന "മണ്ണാരോഗ്യ കാർഡുകൾ" കർഷകർക്ക് മണ്ണറിഞ്ഞ് കൃഷി ചെയ്യാൻ സഹായകമാണ്. കൃഷിഭവനുകളുമായി സഹകരിച്ച് മണ്ണ് പര്യവേക്ഷണ വിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധ പഞ്ചായത്തുകളിലെയും, ബ്ലോക്കുകളിലെയും, മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതിനായി സംസ്ഥാന വ്യാപകമായി ക്യാമ്പയിനുകൾ നടത്തുന്നു. കർഷകരുടെ കൃഷിയിടങ്ങളിൽ സോയിൽസർവേ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാതൃകാപരീക്ഷണ കൃഷിത്തോട്ടം (ഡെമോൺസ്ട്രേഷൻ പ്ലോട്ട്), എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതിലൂടെ കർഷകരുടെ തനതായ കാർഷിക മുറകൾ, മണ്ണ് പരിപാലന രീതികൾ, എന്നിവയെ സോയിൽ സർവേയുടെ മണ്ണ് വിശകലനത്തിനനുസരിച്ചുള്ള മണ്ണാരോഗ്യ പരിപാലനവുമായി താരതമ്യം ചെയ്യാനും. കർഷകർക്ക് ശാസ്ത്രീയമായ രാസവള പ്രയോഗവും. ജൈവവളപ്രയോഗവും വഴി മികച്ച വരുമാനവും, നല്ല വിളവും ലഭിക്കുന്നതിനും കാരണമാകുന്നു. സർക്കാർ തലത്തിലുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവിധ പ്രദർശന മേളകളിൽ കർഷകർക്ക് മണ്ണറിവ് പ്രദർശനവും നടത്തുന്നു. തിരുവനന്തപുരത്ത് പാറോട്ടുകോണത്ത് കേന്ദ്ര മണ്ണ് വിശകലന ലാബിനോട് ചേർന്ന് വകുപ്പിന്റെ നേതൃത്വത്തിൽ സോയിൽ സർവേ വിഭാഗത്തിന് ഒരു മികച്ച മണ്ണ് പ്രദർശന ശാല (Soil Museum)യുണ്ട്. **"മണ്ണിനെ അറിയാം മൊബൈലിലൂടെ" "(MAM)"** എന്ന **മൊബൈൽ ആപ്പ് വഴി നമ്മുടെ മണ്ണിന്റെ പോഷകനില വേഗത്തിൽ അറിയാനും സാധിക്കും.** ഇതു കൂടാതെ മണ്ണ് പര്യവേക്ഷണവകുപ്പിന് സഞ്ചരിക്കുന്ന ഒരു മണ്ണ് പരിശോധന ലാബോറട്ടറിയുമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0471 2541776.

2. ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജൂൺ 1 ലോക ക്ഷീരദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ എൽ.പി, യു.പി & ഹൈസ്കൂൾ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ചിത്രരചന (വാട്ടർ കളർ) മത്സരങ്ങൾ എൽ.പി, യു.പി വിഭാഗങ്ങൾക്കായും ; പെൻസിൽ ഡ്രോയിംഗ്, ഉപന്യാസരചന, ഡയറി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്വിസ് ഹൈസ്കൂൾ വിഭാഗത്തിന് മാത്രമായും നടത്തുന്നതുമാണ്. എൽ.പി, യു.പി വിഭാഗങ്ങൾക്കായുള്ള ചിത്രരചന (വാട്ടർ കളർ) മത്സരം 2026 മെയ് മാസം 21ന് രാവിലെ 10 മണി മുതൽ 1 മണി വരെയും, ഹൈസ്കൂൾ വിഭാഗത്തിന് പെൻസിൽ ഡ്രോയിംഗ് മത്സരം അന്നേ ദിവസം ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെയും ഉണ്ടായിരിക്കുന്നതാണ്. മേയ് മാസം 22 ന് ഹൈസ്കൂൾ വിഭാഗത്തിന് രാവിലെ 10 മുതൽ 11 വരെ ഉപന്യാസരചന, 12 മണി മുതൽ 1 മണി വരെ ഡയറി ക്വിസ് എന്നിവയും നടത്തുന്നതായിരിക്കും. പങ്കെടുക്കാൻ താൽപ്പര്യമുള്ള വിദ്യാർത്ഥികൾ **2026 മെയ് മാസം 19 ന് വൈകുന്നേരം 4 മണിക്ക്** മുമ്പായി ഈ പരിശീലന കേന്ദ്രവുമായി ഫോൺ മുഖേനയോ, നേരിട്ടോ പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫോൺ നം .0471-2440911. മത്സരങ്ങളിൽ പങ്കെടുക്കാൻ വരുന്നവർ സ്കൂൾ ഐഡന്റിറ്റി കാർഡ്, പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം എന്നിവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

3. മഴക്കാലത്ത് റബ്ബറിനെ ബാധിക്കുന്ന ഇലരോഗങ്ങളായ അകാലിക ഇലകൊഴിച്ചിൽ, കൊളിറ്റോട്രിക്കം ഇലപ്പൊട്ടുരോഗം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്നിവയ്ക്കെതിരെ ഡ്രോൺ ഉപയോഗിച്ച് മരുന്ന തളിക്കുന്നതിനെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇത സംബന്ധിച്ച് റബ്ബർ കർഷകർക്കുള്ള സംശയങ്ങൾക്ക് ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ഷാജി ഫിലിപ്പ് 2026 മെയ് 15-ാം തീയതി (വെള്ളിയാഴ്ച) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 04812576622.

4. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കരയിലുള്ള സെന്റർ ഫോർ ഇ-ലേണിംഗിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ (അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ) നെ തിരഞ്ഞെടുക്കുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികൾക്കായി വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് 25/05/2026 ന് വാക്ക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കാം. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ രാവിലെ 9.00 നും അഭിമുഖം രാവിലെ 10.00 നും ആരംഭിക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട എല്ലാ രേഖകളും സഹിതം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൃത്യസമയത്ത് തൃശ്ശൂർ വെള്ളാനിക്കരയിലെ സെന്റർ ഫോർ ഇ-ലേണിംഗിൽ എത്തിച്ചേരണം. യോഗ്യതകൾ – അപേക്ഷകർ കുറഞ്ഞത് 55% മാർക്കോടെ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി അംഗീകരിച്ച അഗ്രികൾച്ചറൽ എക്സ്റ്റൻഷനിൽ ബിരുദാനന്തര ബിരുദം നേടിയിരിക്കണം. ഐ.സി.എ.ആർ നടത്തുന്ന നെറ്റ് അല്ലെങ്കിൽ പിഎച്ച്.ഡി നേടിയവർക്ക് പങ്കെടുക്കാം. അപേക്ഷകന്റെ പ്രായം 08.05.2026-ന് 50 വയസ്സിന് മുകളിൽ ആയിരിക്കരുത്. (എസ്‌സി/എസ്ടി/ഒബിസി, ഭിന്നശേഷി വിഭാഗങ്ങൾ എന്നിവർക്ക് പ്രായപരിധിയിൽ നിയമാനുസൃത ഇളവ് ഉണ്ടായിരിക്കും). കൂടുതൽ വിവരങ്ങൾക്കായി https://kau.in/announcement/35346 സന്ദർശിക്കുക. ഫോൺ നമ്പർ : 0487 2438566.

## പരിശീലന പരിപാടി

5. വെള്ളായണി കാർഷിക കോളേജിൽ വിവിധ വിഷയങ്ങളിൽ ഈ മാസം 18 മുതൽ 30 വരെ നടത്തുന്ന പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഈ മാസം 18ന് "ചക്ക വിളവെടുപ്പ് അനന്തര സാങ്കേതിക വിദ്യകളും മൂല്യവർധിത ഉൽപന്നങ്ങളും" എന്ന

സാങ്കേതിക വിജ്ഞാന വ്യാപന പരിപാടി തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഷയത്തിലും 21 ന് **“ഫലവൃക്ഷങ്ങളിലെ കായിക പ്രജനന രീതികൾ”** എന്ന വിഷയത്തിലും , 23 ന് **“നാളികേരത്തിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങൾ”** എന്ന വിഷയത്തിലും, **“26 ന് കുരുമുളക് കൃഷി”** എന്നതിലും , 30 ന് **“ഇൻഡോർ സസ്യങ്ങൾ – ഇനങ്ങളും നടീൽ രീതികളും”** എന്നീ വിഷയങ്ങളിലാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 8891540778.

## കാർഷിക നിർദേശം

വാഴകളിൽ കാണപ്പെടുന്ന ഇലപ്പുള്ളി രോഗം ബാധിച്ച ഇലകൾ നീക്കം ചെയ്ത ശേഷം, രോഗം നിയന്ത്രിക്കാനായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിക്കാവുന്നതാണ്. തളിക്കുമ്പോൾ ഇലയുടെ രണ്ട് വശത്തും വീഴുന്നുണ്ട് എന്ന് ഉറപ്പാക്കണം. സ്യൂഡോമോണാസ് ബാക്ടീരിയ പൊടി 10 മുതൽ 20 ഗ്രാം വരെ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുന്നതും ഈ രോഗം വരാതിരിക്കാനും നിയന്ത്രിക്കാനും നല്ലതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം